**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4078 — 24.06.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**,, എം. വിൻസെന്റ്**<br>**,, അനൂപ് ജേക്കബ്**<br>**,, ഐ.സി.ബാലകൃഷ്ണൻ** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ട്.<br>പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 31.03.2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും, പിഴപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട് |
| (ബി) | സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നാക്കം നിൽക്കുന്ന പ്രസ്തുത സമൂഹത്തിന് ആശ്വാസമായി അവരുടെ വായ്പകൾ എഴുതിത്തള്ളാൻ മുൻസർക്കാർ | (ബി) | പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ കടബാദ്ധ്യതകൾ ഇളവു ചെയ്തു കൊടുക്കുവാനുള്ള ഉത്തരവ് ആദ്യം പുറപ്പെടുവിച്ചത് മുൻ LDF സർക്കാരാണ്. 12.11.2009-ലെ 100/2009/SCSTDD ഉത്തരവ് പ്രകാരം 25000 രൂപയായിരുന്നു ആദ്യം ഇളവ് നൽകിയത്. 2011-16-ലെ |

| | | | |
|---|---|---|---|
| | തീരുമാനമെടുത്തിരുന്നോ; | | സർക്കാർ കാലത്ത് രണ്ടുതവണയായി ഈ കടാശ്വാസ പദ്ധതിയിലെ തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളാൻ എടുത്ത തീരുമാനം റദ്ദാക്കിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളാനായി പട്ടികജാതി പട്ടികവർഗ കോർപ്പറേഷന് മുൻ സർക്കാർ അനുവദിച്ച തുക പ്രസ്തുത കോർപറേഷൻ പൂർണമായും വിനിയോഗിച്ചിട്ടില്ല എന്നത് വസ്തുതയല്ലേ;വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി വിഭാഗക്കാർക്കുള്ള വായ്പാ കുടിശ്ശിക എഴുതി തള്ളൽ പദ്ധതിയ്ക്കായി മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ചു നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ ഇപ്പോഴും നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ